**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2968</u> <u>20.03.2015-ലെ മറുപടിക്ക്</u>

**<u>കോഴിക്കോട് തൊണ്ടിലക്കടവ് പാലം നിർമ്മാണം</u>**

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** | |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം** | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിരുന്നുവോ ; | (എ) | ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം. |
| (സി) | പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കമോ ; | (സി) | ഇല്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. |
| (ഡി) | വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം ഭൂമി ഏറ്റെടുക്കൽ നടപടി വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ, പൊതുമരാമത്ത് വകുപ്പുകളുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**